©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 6 / Vol. VI | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2017 ജൂലൈ 11 / 11th July 2017 | 1192 മിഥുനം 27 / 27th Mithunam 1192 | 1939 ആഷാഢം 20 / 20th Ashadha 1939 | നമ്പർ / No. 28

# PART III
# Co-operative Department

**കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം**

(ഹാജർ: ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ.ഇ.എൽ. 3273/2014. 2017 മേയ് 22.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—കെ. 770 കോട്ടയം താലൂക്ക് ഹെഡ്‌ലോഡ് വർക്കേഴ്സ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 23-6-2014-ലെ എ. ഇ. എൽ/3273/2014 നമ്പർ ഉത്തരവ്.

(2) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)- ന്റെ 30-11-2016-ലെ AEL/3273/14 നമ്പർ ഉത്തരവ്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)- ന്റെ 31-3-2017-ലെ PP/1701/14 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 31-3-2017-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ. 770 കോട്ടയം താലൂക്ക് ഹെഡ്‌ലോഡ് വർക്കേഴ്സ് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതിനെ തുടർന്ന്, സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിന്റെ ലിക്വിഡേറ്ററായി 25-8-2014-ൽ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പുതുപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടർ ചാർജെടുത്തു. ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും നിശ്ചിത സമയത്തിനകം യാതൊരുവിധ ക്ലെയിമുകളും ലഭിച്ചിട്ടില്ലാത്തതാണ്. സംഘത്തിന്റെ 1997-98 വർഷത്തെ ആഡിറ്റ് മാത്രമാണ് നടന്നിട്ടുള്ളത്. ആയത് സംഘത്തിന്റെ ആദ്യ ആഡിറ്റ് കൂടിയായിരുന്നതിനാൽ ആഡിറ്റ് ഫീസ് കുടിശ്ശിക ഇല്ലാത്തതാണ്. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ സംഘത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന എസ്. ബി. അക്കൗണ്ടിൽ നിന്ന് ` 23,671.37 ഈടാക്കിയെടുക്കുകയും, ആയതിന്റെ 15% വരുന്ന ` 3,551 ലിക്വിഡേഷൻ ചാർജായി അടച്ചുതീർത്തിട്ടുള്ളതുമാണ്.

സംഘത്തിന്റെ ഈടാക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതി തള്ളിയും, ബാധ്യതകൾ കണ്ടുകെട്ടിയും സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സൂചന (1) ഉത്തരവ് പ്രകാരം 22-6-2017 വരെ ലിക്വിഡേറ്റർക്ക് കാലാവധിയുണ്ട്. സംഘത്തിന്റെ അന്തിമ പൊതുയോഗം 23-4-2016-ൽ നടത്തിയിട്ടുള്ളതാണ്.

ലിക്വിഡേറ്റർ ചാർജെടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്, ഇപ്പോഴത്തെ ബാക്കി പത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം

| ബാധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| | ` | | ` |
| ഓഹരി (വ്യക്തികൾ) | 20,000.00 | ബാങ്ക് നീക്കിയിരിപ്പ് DCB SB 2565 | 23,671.37 |
| ലാഭം | 3,671.37 | | |
| ആകെ | 23,671.37 | ആകെ | 23,671.37 |

നാളിതുവരെയുള്ള വരവു ചെലവു കണക്ക്

| വരവ് | തുക | ചിലവ് | തുക |
|---|---|---|---|
| | ` | | ` |
| ബാങ്ക് അക്കൗണ്ട് | 23,671.37 | ലിക്വിഡേഷൻ ചാർജ് | 3,551 |
| ലിക്വിഡേറ്റർ അക്കൗണ്ട് | 20,907.37 | ലിക്വിഡേഷൻ എക്സ്പെൻസ് | 1,184 |
| അംഗങ്ങളുടെ ഷെയർ എഴുതിതള്ളിയത് | 20,000 | ലിക്വിഡേറ്റർ അക്കൗണ്ട് | 18,936.37 |
| അറ്റനഷ്ടം എഴുതിതള്ളിയത് | 1,063.63 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 20,907.37 |
| | | അംഗങ്ങളുടെ ഷെയർ എഴുതിതള്ളിയത് | 20,000 |
| | | അറ്റനഷ്ടം എഴുതിതള്ളിയത് | 1,063.63 |
| ആകെ | 65,642.37 | ആകെ | 65,642.37 |
| മുന്നിരിപ്പു തുക | | ബാക്കിനിൽപ്പ് തുക | |
| ആകെ | 65,642.37 | ആകെ | 65,642.37 |

ഇപ്പോഴത്തെ ബാക്കിപത്രം

| ബാധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

സമാപ്തീകരണം സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന്, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത്, സൂചന (3) പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോധ്യമായതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 770 കോട്ടയം താലൂക്ക് എഫ്. സി. ഐ. ഹെഡ്ലോഡ് വർക്കേഴ്സ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ ഫയലുകളും, റിക്കാർഡുകളും ചട്ടം 70-ൽ നിഷ്കർഷിക്കുന്ന പ്രകാരം 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
കോട്ടയം.

## മലപ്പുറം ജില്ലാ സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ നടപടിക്രമം

(ഹാജർ ശ്രീ. എം. റ്റി. ദേവസ്യ)

(1)

നമ്പർ 2053/93/എ.ഇ.എൽ./കെ.ഡിസ്. 2017 മേയ് 18.

വിഷയം:—ക്ലിപ്തം നമ്പർ എം. 18—തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ—അന്തിമ സമാപ്തീകരണം—സംബന്ധിച്ച്.

പരാമർശം:—(1) ഈ ഓഫീസിലെ 5-2-1993-ലെ 6115/91/CS നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 29-11-2016-ലെ ഇതേ നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 30-4-2017-ലെ പി/204/93-ാം നമ്പർ അന്തിമ സമാപ്തീകരണ നടപടിക്രമങ്ങൾ

മലപ്പുറം ജില്ലയിലെ തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 18 കേരള സഹകരണ സംഘം നിയമം 71 (2) ബി വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പൊന്നാനി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു.

ലിക്വിഡേറ്റർ സമാപ്തീകരണ പ്രക്രിയകളുടെ ഭാഗമായി പിരിച്ചെടുക്കാവുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്തു തീർക്കാൻ കഴിയാവുന്നവ കൊടുത്തു തീർക്കുകയും ഈടാക്കാൻ കഴിയാത്ത ആസ്തികളും കൊടുത്തു തീർക്കാൻ കഴിയാത്ത ബാദ്ധ്യതകളും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയും കണ്ടുകെട്ടിയും ഈ ഓഫീസിൽനിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സർക്കാരിലേക്കുള്ള നിയമാനുസൃത ലിക്വിഡേഷൻ ചാർജ്, കോമൺ ലിക്വിഡേഷൻ ഫണ്ട് എന്നിവ യഥാസ്ഥാനങ്ങളിൽ അടവാക്കിയിട്ടുണ്ട്.

മേൽ പരാമർശം (3) പ്രകാരം ലിക്വിഡേറ്റർ കേരള സഹകരണ സംഘം നിയമം ചട്ടം 69-ൽ അനുശാസിക്കും വിധം സമാപ്തീകരണ പ്രക്രിയകൾ പൂർത്തിയാക്കി കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുകയാണ്. പരാമർശം (3)-ൽ കാണിച്ച സമാപ്തീകരണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. സംഘത്തിന്റെ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 18-ന്റെ അന്തിമ സമാപ്തീകരണം പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ 5716/13/എ.ഇ.എൽ./കെ.ഡിസ്. 2017 മേയ് 18.

വിഷയം:—ക്ലിപ്തം നമ്പർ എം. 532—കരുളായി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം—അന്തിമ സമാപ്തീകരണം—സംബന്ധിച്ച്.

പരാമർശം:—(1) ഈ ഓഫീസിലെ 27-1-2017-ലെ ഇതേ നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 30-3-2013-ലെ എസ്.സി.ടി./6476/2011-ാം നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 17-4-2017-ലെ 1664/13/എൻ നമ്പർ അന്തിമ സമാപ്തീകരണ നടപടിക്രമങ്ങൾ.

മലപ്പുറം ജില്ലയിലെ കരുളായി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 532 കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിന് സൂചന (2) പ്രകാരം ഉത്തരവാകുകയും മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വണ്ടൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു. നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് രൂപീകരണത്തെ തുടർന്ന് നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി മാറ്റി നിയമിച്ചു.

ലിക്വിഡേറ്റർ സമാപ്തീകരണ പ്രക്രിയകളുടെ ഭാഗമായി പിരിച്ചെടുക്കാവുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്തു തീർക്കാൻ കഴിയാവുന്നവ കൊടുത്തു തീർക്കുകയും ഈടാക്കാൻ കഴിയാത്ത ആസ്തികളും കൊടുത്തു തീർക്കാൻ കഴിയാത്ത ബാദ്ധ്യതകളും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയും കണ്ടുകെട്ടിയും ഈ ഓഫീസിൽനിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സർക്കാരിലേക്കുള്ള നിയമാനുസൃത ലിക്വിഡേഷൻ ചാർജ് അടവാക്കിയിട്ടുണ്ട്.

മേൽ സൂചന (3) പ്രകാരം ലിക്വിഡേറ്റർ കേരള സഹകരണ സംഘം നിയമം ചട്ടം 69-ൽ അനുശാസിക്കും വിധം സമാപ്തീകരണ പ്രക്രിയകൾ പൂർത്തിയാക്കി കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുകയാണ്. പരാമർശം (3)-ൽ കാണിച്ച സമാപ്തീകരണ റിപ്പോർട്ടിന്റെ പകർപ്പ്

ഇതോടൊപ്പം ചേർത്തിരിക്കുന്നു. സംഘത്തിന്റെ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കരുളായി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 532-ന്റെ അന്തിമ സമാപ്തീകരണം പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കേണ്ടതുമാണ്.

(3)

നമ്പർ 7720/06/എ.ഇ.എൽ./കെ.ഡിസ്. 2017 മേയ് 18.

വിഷയം:—ക്ലിപ്തം നമ്പർ എം. 15—നന്നംമുക്ക് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി—അന്തിമ സമാപ്തീകരണം—സംബന്ധിച്ച്.

പരാമർശം:—(1) ഈ ഓഫീസിലെ 8-11-2006-ലെ 1584/01/എച്ച്. എം. സി. നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 17-3-2017-ലെ ഇതേ നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 30-4-2017-ലെ എ. 953/2006 നമ്പർ അന്തിമ സമാപ്തീകരണ നടപടിക്രമങ്ങൾ.

മലപ്പുറം ജില്ലയിലെ നന്നംമുക്ക് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി ക്ലിപ്തം നമ്പർ എം. 15 കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ അണ്ടത്തോട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു.

ലിക്വിഡേറ്റർ സമാപ്തീകരണ പ്രക്രിയകളുടെ ഭാഗമായി പിരിച്ചെടുക്കാവുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്തു തീർക്കാൻ കഴിയാവുന്നവ കൊടുത്തു തീർക്കുകയും ഈടാക്കാൻ കഴിയാത്ത ആസ്തികളും കൊടുത്തു തീർക്കാൻ കഴിയാത്ത ബാദ്ധ്യതകളും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയും കണ്ടുകെട്ടിയും ഈ ഓഫീസിൽനിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സർക്കാരിലേക്കുള്ള നിയമാനുസൃത ലിക്വിഡേഷൻ ചാർജ് അടവാക്കിയിട്ടുണ്ട്.

മേൽ പരാമർശം (3) പ്രകാരം ലിക്വിഡേറ്റർ കേരള സഹകരണ സംഘം നിയമം ചട്ടം 69-ൽ അനുശാസിക്കും വിധം സമാപ്തീകരണ പ്രക്രിയകൾ പൂർത്തിയാക്കി കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുകയാണ്. പരാമർശം (3)-ൽ കാണിച്ച സമാപ്തീകരണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. സംഘത്തിന്റെ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

നന്നംമുക്ക് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി ക്ലിപ്തം നമ്പർ എം. 15-ന്റെ അന്തിമ സമാപ്തീകരണം പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കേണ്ടതുമാണ്.

(4)

നമ്പർ 4378/93/എ.ഇ.എൽ./കെ.ഡിസ്. 2017 മേയ് 19.

വിഷയം:—ചെട്ടിയാംകിണർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 384 — അന്തിമ സമാപ്തീകരണം—സംബന്ധിച്ച്.

പരാമർശം:—(1) ഈ ഓഫീസിലെ 18-6-1993-ലെ 7152/91/എച്ച്. എം. സി./കെ.ഡിസ്. ഉത്തരവ്.

(2) ഈ ഓഫീസിലെ 24-2-2016, 12-5-2017 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

(3) സംഘം ലിക്വിഡേറ്ററുടെ 27-3-2017-ലെ അന്തിമ സമാപ്തീകരണ നടപടിക്രമങ്ങൾ

മലപ്പുറം ജില്ലയിലെ ചെട്ടിയാംകിണർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 384 കേരള സഹകരണ സംഘം നിയമം 71 (2) ബി വകുപ്പ് പ്രകാരം സമാപ്തീകരിക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവാകുകയും തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു.

ലിക്വിഡേറ്റർ സമാപ്തീകരണ പ്രക്രിയകളുടെ ഭാഗമായി ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്തുതീർക്കാൻ കഴിയാവുന്നവ കൊടുത്തു തീർക്കുകയും ഈടാക്കാൻ കഴിയാത്ത ആസ്തികളും കൊടുത്തു തീർക്കാൻ കഴിയാത്ത ബാദ്ധ്യതകളും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയും കണ്ടുകെട്ടിയും ഈ ഓഫീസിൽനിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സർക്കാരിലേക്കുള്ള നിയമാനുസൃത ലിക്വിഡേഷൻ ചാർജ്, കോമൺ ലിക്വിഡേഷൻ ഫണ്ട് എന്നിവ യഥാസ്ഥാനങ്ങളിൽ അടവാക്കിയിട്ടുണ്ട്.

മേൽ സൂചന (3) പ്രകാരം ലിക്വിഡേറ്റർ കേരള സഹകരണ സംഘം നിയമം ചട്ടം 69-ൽ അനുശാസിക്കും വിധം സമാപ്തീകരണ പ്രക്രിയകൾ പൂർത്തിയാക്കി കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുകയാണ്. പരാമർശം (3)-ൽ കാണിച്ച സമാപ്തീകരണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. സംഘത്തിന്റ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ. ആഡിറ്റർ പരിശോധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

ചെട്ടിയാംകിണർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 384-ന്റെ അന്തിമ സമാപ്തീകരണം പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
മലപ്പുറം.

<u>ക്ലെയിം നോട്ടീസ്</u>

നമ്പർ എം. കെ. 611/2013. 2017 മേയ് 9.

[1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72, ചട്ടം 69 ഉപചട്ടം (2) പ്രകാരം]

നമ്പർ എം. 412 അങ്ങാടിപ്പുറം എഫ്. സി. ഐ. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം, മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 28-12-2000-ലെ എച്ച്. എം. സി. 1585/99/കെ. ഡിസ്. നമ്പർ ഉത്തരവുപ്രകാരം സമാപ്തീകരണത്തിനായി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മങ്കട യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നമ്പർ എം. 412 അങ്ങാടിപ്പുറം എഫ്. സി. ഐ. ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനകം സംഘം ലിക്വിഡേറ്ററെ താഴെ കാണിച്ച വിലാസത്തിൽ നേരിട്ടോ ഏജന്റ് അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ലിക്വിഡേറ്റർ,
അങ്ങാടിപ്പുറം എഫ്. സി. ഐ. ലേബർ കോൺട്രാക്ട്
സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 412/
മങ്കട യൂണിറ്റ് ഇൻസ്പെക്ടർ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, സിവിൽ സ്റ്റേഷൻ, പെരിന്തൽമണ്ണ.



Gaz. No. 28/2017/DTP (Co-operative).